**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1496** **01-02-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരവ് ചെലവുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി ഉമ തോമസ്</td><td colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കഴിഞ്ഞ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശാദായം ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ് ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും സർക്കാരിൽ നിന്നുള്ള സഹായധനമായി എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;</td><td>(എ)</td><td>കഴിഞ്ഞ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന് അംശദായം ഇനത്തിൽ 46,65,00,191.80/- (നാല്പത്തിയാറു കോടി അറുപത്തിയഞ്ച് ലക്ഷത്തി നൂറ്റിതൊണ്ണൂറ്റിയൊന്ന് രൂപ എൺപത് പൈസ മാത്രം) രൂപ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ സെസ്സ് ഇനത്തിൽ ആകെ 370,09,85,000/- (മുന്നൂറ്റിയെഴുപത് കോടി ഒൻപത് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം ) രൂപ ലഭിച്ചിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന് സർക്കാരിൽ നിന്നും സഹായധനം ലഭിച്ചിട്ടില്ല.</td></tr>
<tr><td>(ബി)</td><td>പെൻഷൻ ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;</td><td>(ബി)</td><td>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പെൻഷൻ ഇനത്തിൽ 436,71,04,366/- (നാന്നൂറ്റി മുപ്പത്തിയാറു കോടി എഴുപത്തിയൊന്ന് ലക്ഷത്തി നാലായിരത്തി മുന്നൂറ്റി അറുപത്തിയാറു രൂപ മാത്രം ) രൂപയും ആനുകൂല്യയിനത്തിൽ 20,58,31,626/- (ഇരുപത് കോടി അൻപത്തെട്ട് ലക്ഷത്തി മുപ്പത്തിഒരായിരത്തി അറുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) രൂപയും കൂടി ആകെ 457,29,35,992/-രൂപ (നാന്നൂറ്റി അമ്പത്തിയേഴ് കോടി ഇരുപത്തി ഒൻപത് ലക്ഷത്തി മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ടു രൂപ മാത്രം ) ചെലവഴിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ബോർഡിന്റെ ഭരണ ചെലവിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?</td><td>(സി)</td><td>ബോർഡിന്റെ ഭരണ ചെലവവിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക ഇനം തിരിച്ചു നല്കുന്നു .
<table>
<tr><td>ഇനം</td><td>തുക</td></tr>
<tr><td>പരസ്യ ചെലവുകൾ</td><td>6,680/-</td></tr>
<tr><td>ശമ്പളം ,അലവൻസ്, സമശ്വാസ പെൻഷൻ തുടങ്ങിയവ</td><td>13,75,92,040/-</td></tr>
<tr><td>ബാങ്ക് ചാർജ്</td><td>51,739/-</td></tr>
<tr><td>ബോർഡ് മീറ്റിങ്</td><td>2,75,664/-</td></tr>
<tr><td>ഓഫീസ് ചെലവുകൾ</td><td>24,02,514/-</td></tr>
<tr><td></td><td></td></tr>
</table></td></tr>
</table>

| | |
|---|---|
| ഫീസ് (പ്രൊഫഷണൽ ഫീസ് , ചെയർമാൻ ഓണറേറിയം തുടങ്ങിയവ) | 7,31,530/- |
| അച്ചടിയും സ്റ്റേഷനറിയും | 16,40,708/- |
| വാടക | 44,75,453/- |
| ഇൻകംടാക്സ് റ്റി ഡി എസ് | 1,03,270/- |
| ഓഫീസ് ഫർണിച്ചറുകളുടെയും, ഉപകരണങ്ങളുടെയും അറ്റകുറ്റ പണികൾ | 7,47,842/- |
| വാഹന ചെലവ് | 4,04,106/- |

സെക്ഷൻ ഓഫീസർ